## 24.01.2017-ൽ നടന്ന ദ്വൈമാസ അവലോകനയോഗത്തിന്റെ നടപടി കുറിപ്പ്

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഡയറക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ രാവിലെ 10.45-ന് യോഗം ആരംഭിച്ചു. പങ്കെടുത്ത ജീവനക്കാരുടെ പേര് വിവരം അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.

കഴിഞ്ഞ മാസം സർവ്വീസിൽ നിന്നും വിരമിച്ച മെഡിക്കൽ സൂപ്രണ്ടുമാരുടെയും, മെഡിക്കൽ ഓഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവനങ്ങളെ ഡയറക്ടർ അനുമോദിച്ചു. അതിനുശേഷം 2015-ലെ ബെസ്റ്റ് ഇൻസ്റ്റിറ്റ്യൂഷൻ അവാർഡ് ഡയറക്ടർ പ്രഖ്യാപിച്ചു.

<u>ഇ.എസ്.ഐ ആശുപത്രികൾ</u>

I. ESI Hospital, Ernakulam
II. ESI Hospital, Peroorkada
III. ESI Hospital, Feroke

<u>ഇ.എസ്.ഐ ഡിസ്പെൻസറികൾ</u>

I. ESI Dispensary, Cheruvannur
II. ESI Dispensary, Asramam
III. ESI Dispensary, Chalappuram

1. സ്റ്റേറ്റിന്റെ അധീനതയിലുള്ള ഇ.എസ്.ഐ സ്ഥാപനങ്ങളുടെ മുഖഛായ മാറ്റേണ്ടത് ഇന്നിന്റെ ആവശ്യമാണെന്ന് ഡയറക്ടർ അഭിപ്രായപ്പെട്ടു. അതിനായി infrastructure ലഭ്യമാക്കുകയും മരുന്നിന്റെ ലഭ്യത ഉറപ്പാക്കുകയും വേണം. ഇൻഡന്റ് ചെയ്യുന്നതിന്റെ പകുതി മാത്രമേ സ്റ്റോറിൽ എത്തുന്നുള്ളൂ. RC Contract പ്രകാരമേ Director of Insurance Medical Services-ന് മരുന്ന് വാങ്ങാൻ കഴിയുന്നുള്ളൂ. KMSCL-ൽ നിന്നും medicine purchase ചെയ്യുന്നതിനുള്ള കത്ത് State Executive Committee -ൽ വെയ്ക്കുന്നതാണ് എന്ന വിവരവും ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ അറിയിച്ചു.
2. NCD (Non Communicable Disease) Clinic Proposal - State Executive Committee-യുടെ പരിഗണനയ്ക്ക് വയ്ക്കുമെന്ന് ഡയറക്ടർ അറിയിച്ചു.
3. Regarding Medical Reimbursement Claim Bills - 1000-നു താഴെയുള്ള ബില്ലുകൾ Bank Account വഴി മാത്രമേ നൽകാവൂ എന്നറിയിച്ചു. 10/2016 വരെയുള്ള ക്ലെയിമുകൾ മാറുന്നതിനുള്ള Fund ഉടനെ അനുവദിക്കും. അത് 31.03.2017-ന് മുൻപായി മാറണം. എമർജൻസി സ്പെഷ്യാലിറ്റി ബില്ലുകൾ ജൂൺ 2016 വരെയുള്ളത് 28.02.2017-നകം ഡയറക്ടറേറ്റിൽ എത്തിക്കണം എന്നറിയിച്ചു.

**(നടപടി- ഡിസ്പെൻസറി ഐ.എം.ഒ-മാർ)**

4. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിലുള്ള ബില്ലുകൾ 31.12.2016 വരെയുള്ളത് 28.02.2017-നകവും സൂപ്രണ്ടുമാർ തരേണ്ട ബില്ലുകൾ 31.12.2016 വരെയുള്ളത് 28.02.2017-നു മുൻപായി നൽകിയിരിക്കണം.

**(നടപടി- റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ & സൂപ്രണ്ട് )**

6. ഒ.പി ചികിത്സയ്ക്കായി എത്തുന്ന രോഗികൾക്ക് 5 ദിവസത്തേയ്ക്ക് വരെ മരുന്ന് കൊടുക്കാവുന്നതാണ്. നിലവിലെ ഫാർമസിയിൽ പ്രത്യേക ഔട്ട്‌ലെറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വെയ്ക്കാമെന്ന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ അറിയിച്ചു. ഉച്ചയ്ക്ക് ശേഷവും ലാബിന്റെ പ്രവർത്തനം അത്യാവശ്യമായതിനാൽ അടുത്തുള്ള ലാബുമായി ടൈ-അപ് ഉണ്ടാക്കുന്നതിനുള്ള പ്രൊപ്പോസൽ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുമെന്ന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ അറിയിച്ചു. എല്ലാ ആശുപത്രികളിലും ഗ്രിവൻസ് സെൽ സ്ഥാപിക്കണമെന്നും ഓരോ ഓഫീസറെ ഇതിനായി നിയമിക്കേണ്ടതാണെന്നും അറിയിക്കുകയുണ്ടായി.

7. സ്പെഷ്യാലിറ്റി ഡോക്ടർമാരെ നിയമിച്ച് ഒ.പി/ഐ.പി സ്റ്റാറ്റസ് ഉയർത്തണം. പി.എസ്.സി മുഖേന ഡോക്ടർമാരെ നിയമിക്കാനുള്ള ഇന്റർവ്യൂ ഫെബ്രുവരിയിൽ ഉണ്ടാകുമെന്ന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ അറിയിച്ചു.

8. മരുന്നിന്റെ ലഭ്യതയുമായി ബന്ധപ്പെട്ട് സംസാരിക്കവെ ഇൻഡന്റ് ചെയ്യുന്ന മരുന്നിന്റെ പകുതി മാത്രമേ സ്റ്റോറിൽ എത്തുന്നുള്ളൂ. മരുന്ന് ഇൻഡന്റ് ചെയ്യുമ്പോൾ എസൻഷ്യൽ മരുന്നിനും ലോക്കൽ പർച്ചേസിലൂടെ കൂടുതലായി വാങ്ങേണ്ടിവന്നവയ്ക്കും പ്രാധാന്യം കൊടുക്കണമെന്ന് അറിയിച്ചു.

9. മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ അയക്കുമ്പോൾ ഐ.പിയുടെ ഒപ്പ്, ഇൻഷുറൻസ് മെഡിക്കൽ ഓഫീസറുടെ ഒപ്പ് തുടങ്ങിയവ ഉണ്ടോയെന്ന് നോക്കി വേണ്ട രേഖകൾ സഹിതം അയയ്ക്കണമെന്ന് ജോയിന്റ് ഡയറക്ടർ അറിയിച്ചു. കഴിവതും തലേമാസത്തെ ബില്ലുകൾ പിറ്റേമാസം തന്നെ അയയ്ക്കണം.

10. അടുത്ത Bimonthly meeting-ൽ ബന്ധപ്പെട്ട സൂപ്രണ്ടുമാർ Specialty wise OP Status, IP Status തയ്യാറാക്കി കൊണ്ടുവരേണ്ടതാണെന്നും നിർദ്ദേശിച്ചു.

**(നടപടി - എല്ലാ ആശുപത്രി സൂപ്രണ്ടുമാരും)**

11. ഡിസ്പെൻസറികളിലെ waste management ഒരു പ്രശ്നമാണ്. 'IMAGE' Bed strength നോക്കിയാണ് waste management കൈകാര്യം ചെയ്യുന്നത്. 'IMAGE' സൗകര്യം ഡിസ്പെൻസറികളിൽ ലഭിക്കുന്നതിനായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ ചർച്ച ചെയ്ത് പരിഹാരം കാണുന്നതാണെന്ന് ഡയറക്ടർ അറിയിച്ചു.

(......3)

**<u>ദക്ഷിണമേഖല</u>**

ആവശ്യത്തിന് ഫണ്ട് ഉപയോഗിക്കാനുള്ള അധികാരം ലഭിച്ചാൽ മെച്ചമായി കാര്യങ്ങൾ നടത്താൻ കഴിയുമെന്നും Annual Repair & Maintenance ഫണ്ടിൽ നിന്നും തുക നൽകാത്തതുകൊണ്ട് നെടുമ്പന ഇ.എസ്.ഐ ക്വാർട്ടേഴ്സ് പൂർണ്ണമായും നശിച്ചു. പട്ടത്താനം ഡിസ്പെൻസറിയുടെ അവസ്ഥയും ശോചനീയമാണ് എന്ന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ പറഞ്ഞു. അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റുകൾ 01.02.2017-ന് കൂടുന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുമെന്ന് ഡയറക്ടർ അറിയിച്ചു. ക്വാർട്ടേഴ്സുകളുടെ structural audit-ന് Regional Director-ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ഒരു ഓർമ്മക്കുറിപ്പ് കൂടി നൽകണമെന്നും നിർദ്ദേശിച്ചു.

**(നടപടി- റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണമേഖല)**

**<u>മദ്ധ്യമേഖല</u>**

ഒളരിക്കര ഡിസ്പെൻസറിയിൽ ഐ.പികളുടെ അക്കൗണ്ട് നമ്പർ പൂർണ്ണമായി ലഭിക്കാത്തതിനാൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക മാറുന്നതിന് തടസ്സമായി നിൽക്കുന്നു. സ്റ്റാഫ് ഷോർട്ടേജ് നിലവിലുണ്ട്.

മുളങ്കുന്നത്തുകാവിലെ റേഡിയോഗ്രാഫർ ലീവിൽ ആയതിനാൽ പകരം ആളെ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. നടപടി ഉടനെ സ്വീകരിക്കുന്നതാണ്.

**(നടപടി - ഇ4 സെക്ഷൻ, DIMS)**

**<u>ഉത്തരമേഖല</u>**

പാലക്കാട് ഹോസ്പിറ്റലിൽ സ്പെഷ്യലിസ്റ്റുകളുടെ അഭാവം ഉണ്ട്. Contract doctors ആണ് കൂടുതലും. സ്പെഷ്യലിസ്റ്റുകളെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**(നടപടി - ഇ 1 സെക്ഷൻ, DIMS)**

**<u>ഇ.എസ്.ഐ ആശുപത്രി, എറണാകുളം</u>**

1. എംപ്ലോയ്മെന്റ് വഴി നിയമിച്ച ഫാർമസിസ്റ്റിന്റെയും ലാബ് ടെക്നീഷ്യന്റെയും period കഴിഞ്ഞതിനാൽ പി.എസ്.സിയിൽ നിന്നും Non Availability Certificate വാങ്ങി എത്രയും പെട്ടെന്ന് നിയമനം നടത്തണമെന്നും അറിയിച്ചു.

   **(നടപടി - ഇ4 സെക്ഷൻ, RDD)**

2. എക്സ്റേ ടെക്നീഷ്യൻ, റേഡിയോഗ്രാഫർ എന്നീ പോസ്റ്റുകളുടെ qualification ഒന്നാണ്. ഇവ രണ്ട് പോസ്റ്റായി കാണുന്നതിനാൽ ഒരാളെ രണ്ടു ജോലിയും നടത്താനായി നിയോഗിക്കാൻ കഴിയുന്നില്ല. ആരോഗ്യവകുപ്പിൽ രണ്ടു ജോലിയും ഒരാൾ ചെയ്തു വരുന്നുണ്ട്. ഇക്കാര്യം ഡയറക്ടറേറ്റ് തലത്തിൽ നടപടിയെടുത്ത് പരിഹരിക്കാൻ കഴിയുമോ എന്നത് പരിശോധിക്കണം. **(നടപടി - ഇ സെക്ഷൻ)**

**ഇ.എസ്.ഐ ആശുപത്രി, ആലപ്പുഴ**

ലാബ് ടെക്നീഷ്യൻ LWA-യിലാണ്. ഐ.പികളുടെ പരാതി ഇതുമായി ബന്ധപ്പെട്ട് ഉണ്ട്. താൽക്കാലികാടിസ്ഥാനത്തിൽ ഒരാളെ നൽകുവാൻ കഴിയുമോ എന്ന് ആരാഞ്ഞു. ഡെന്റൽ സർജൻ മിക്കപ്പോഴും ലീവ് എടുക്കുന്നതിനാൽ രോഗികൾ ബുദ്ധിമുട്ട-നുഭവിക്കുന്നു. ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് പകരം ആളെ നിയമിക്കുന്ന-തിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. **(നടപടി - ഇ സെക്ഷൻ, DIMS)**

സ്വന്തമായി ലാന്റ് ഫോൺ ഇല്ലാത്തവർക്ക് ഒഫീഷ്യൽ ആയി മൊബൈൽ ഫോണും ടാബും നൽകാൻ കഴിയുമോ എന്ന് ചർച്ച ചെയ്യുകയുണ്ടായി. ഡിസ്പെൻസറികൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. 2016-2017-ലെ പ്ലാൻ ഫണ്ടിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഡയറക്ടർ അറിയിച്ചു.

**ഇ.എസ്.ഐ ആശുപത്രി, വടവാതൂർ**

Bush Clearance-ന് അനുവദിച്ച ഫണ്ട് വെള്ളത്തിന്റെ shortage പരിഹരിക്കാനായി വിനിയോഗിക്കാമോ എന്ന കാര്യം ചർച്ച ചെയ്തു. വെള്ളത്തിന്റെ shortage ആശുപത്രി വികസന സമിതി വഴി പരിഹരിക്കാവുന്നതാണെന്ന് അറിയിച്ചു. സെക്യൂരിറ്റി ജീവനക്കാരുടെ ശമ്പളം സ്പാർക്ക് വഴി എടുക്കാൻ കഴിയുന്നില്ല എന്ന് അറിയിച്ചു. Manual ബില്ല് ട്രഷറി സ്വീകരിക്കുന്നില്ല. Kexcon-മായുള്ള കരാർ നിലനിൽക്കുന്നതിനാൽ ഇക്കാര്യം Director of Treasury-മായി കൂടിയാലോചിക്കേണ്ടതുണ്ട്. മുഴുവൻ കാര്യങ്ങളും വിശദീകരിച്ചുള്ള കത്ത് ഡയറക്ടറേറ്റിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

**(നടപടി - സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, വടവാതൂർ & സീനിയർ ഫിനാൻസ് ഓഫീസർ)**

**ഇ.എസ്.ഐ ആശുപത്രി, പേരൂർക്കട**

(1) കിംസ് ഹോസ്പിറ്റലിൽ സ്പെഷ്യാലിറ്റിയ്ക്ക് എംപാനൽ ചെയ്താൽ ഐ.പികളുടെ ബുദ്ധിമുട്ട് കുറെ ഒഴിവാക്കാൻ കഴിയുമെന്ന് അറിയിച്ചു. പേരൂർക്കട ആശുപത്രിയിലെ DG Set low capacity ഉള്ളതാണ്. ആശുപത്രിയിലെ പല വിഭാഗങ്ങളിലും പവർ കൂടിയ മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. അതിനാവശ്യമായ ലോഡ് നിലവിലുള്ള ജനറേറ്ററിന് ഇല്ല. 125 KVA DG Set സ്ഥാപിച്ചാലേ ശരിയായ പ്രവർത്തനം നടത്താൻ കഴിയൂ എന്നറിയിച്ചു. ഇതിനുള്ള ഫണ്ട് സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ നൽകിയിട്ടില്ല.

(2) കപ്പാസിറ്റി കൂടിയ DG Set സ്ഥാപിക്കുന്നതിന് അനുയോജ്യമായ Electric Connection, Electric Load, Wiring സംവിധാനങ്ങൾ നിലവിൽ ആശുപത്രി കെട്ടിടത്തിൽ ഉണ്ടോ എന്നുള്ള വിവരം ഉറപ്പാക്കുന്നതിന് ഇലക്ട്രിക്കൽ എഞ്ചിനീയറുടെ പരിശോധനയും സാക്ഷ്യപ്പെടുത്തലും ചെയ്യേണ്ടതാണ്.

**(നടപടി - സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, പേരൂർക്കട)**

(......5)

**ഇ.എസ്.ഐ ആശുപത്രി, പാലക്കാട്**

(1) ക്വാർട്ടേഴ്സിൽ താമസിക്കാൻ സ്റ്റാഫില്ലാത്തതിനാൽ മിനിമം ഇലക്ട്രിസിറ്റി ബില്ല് അടയ്ക്കേണ്ടി വരുന്നു. വൈദ്യുതി കണക്ഷൻ വിഛേദിച്ചാൽ റീകണക്ഷന് വൻതുകയാകുമെന്നതിനാൽ മിനിമം ബില്ലടച്ച് കണക്ഷൻ നിലനിർത്തണോ എന്ന് സർക്കാരിനോട് ആരായുന്നതാണ്. ബുഷ് ക്ലിയറൻസിന് നൽകിയ ഫണ്ടിന്റെ ബാലൻസ് തുക മറ്റ് സ്ഥാപനങ്ങൾക്ക് നൽകുവാനായി റീഫണ്ട് ചെയ്യേണ്ടതുണ്ട്. ഫണ്ട് കൈമാറ്റം സംബന്ധിച്ച നിർദ്ദേശം അടിയന്തിരമായി നൽകേണ്ടതാണ്.

**(നടപടി – ഡി & എഫ് സെക്ഷനുകൾ, Medical Superintendent)**

**ഇ.എസ്.ഐ ആശുപത്രി, ഫെറോക്ക്**

1. ആശുപത്രിയിൽ Help desk-ന്റെ പ്രവർത്തനം ഐ.പികൾക്ക് പ്രയോജനം ചെയ്യുമെന്നും ESI Scheme 2.0-ന്റെ ഭാഗമായി ഇതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കുമെന്ന് അറിയിച്ചു.

2. Oncology treatment-ന്റെ തുടർചികിത്സയ്ക്ക് സ്പെഷ്യലിസ്റ്റിനെ നിയമിക്കണമെന്നും ട്രെയിനിംഗ് കൊടുത്താൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാരെ നിയമിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടു. ഈ കാര്യം പരിഗണിക്കാവുന്നതാണെന്ന് ഡയറക്ടർ അറിയിച്ചു. **(നടപടി- ഇ സെക്ഷൻ)**

3. ആശുപത്രിയിലെ C.T മെഷീൻ തകരാറിലാണെന്നും റിപ്പയർ ചെയ്യാൻ വൻതുക ചെലവാകുമെന്നും അറിയിച്ചു. മുറിയിലെ humidity factor അധികമായതാണ് തകരാറിന് കാരണമെന്നും ഈ വിഷയം അതീവ ഗൗരവത്തോടെ കൈകാര്യം ചെയ്യണമെന്നും ഇത്തരം സംവിധാനമുള്ള സർക്കാർ ആശുപത്രിയിലെ അറിവും വൈദഗ്ദ്യമുള്ളവരുമായി കൂടിയാലോചിച്ച് ഉടൻ തന്നെ തുടർനടപടി സ്വീകരിക്കേണ്ടതാണെന്നറിയിച്ചു. **(നടപടി - സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, ഫെറോക്ക്)**

യോഗം 5 മണിയ്ക്ക് സമാപിച്ചു.

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ (I/C)**

എസ്കെവി – 14.2.17

**24.01.2017-ൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ദ്വൈമാസ അവലോകനയോഗത്തിൽ പങ്കെടുത്ത ജീവനക്കാരുടെ പേര് വിവരം**

| Sl. No | Name & Designation | Name of Institution |
|---|---|---|
| 1. | Dr.M.S.Geetha Devi, JD | Directorate of Insurance Medical Services |
| 2. | Saji.B, Senior Administrative Officer | Directorate of Insurance Medical Services |
| 3. | K.Murali, Senior Superintendent | Directorate of Insurance Medical Services |
| 4. | Dr.N.K.Rajan, Superintendent | ESI Hospital, Feroke |
| 5. | Dr.Rema, Superintendent | ESI Hospital, Mulamkunnathukavu |
| 6. | Dr. K.K.Radhakrishnan Superintendent | ESI Hospital, Olarikkara |
| 7. | Dr. K.Narendra Varma, Superintendent | ESI Hospital, Palakkad |
| 8. | Dr.Omana.V.K, | ESI Hospital, Thottada |
| 9. | Dr.Seninamma John | ESI Dispensary, |
| 10. | Dr. Mini Grace, Insurance Medical Officer | ESI Dispensary, Pattathanam |
| 11. | Dr.Premakumari, RDD (NZ) (in-charge) | Regional Deputy Director, NZ, Kozhikode |
| 12. | Dr.Leela.V, RDD (SZ) In-charge | Regional Deputy Director, SZ, Kollam |
| 13. | Dr. P.H.Sainaba Beevi, Superintendent. | ESI Hospital, Ernakulam |
| 14. | Dr. A.P.Mohammed, Superintendent | ESI Hospital, Alapuzha |
| 15. | Dr.Suganthi Gopinath, Superintendent | ESI Hospital, Peroorkada |
| 16. | Radha.T, Lay Secretary & Treasurer | ESI Hospital, Peroorkada |
| 17. | Abdul Haque.K.K, Lay Secretary & Treasurer | ESI Hospital, Mulamkunnathukavu |
| 18. | Sherly. V.T, Senior Superintendent | Office of the RDD (CZ), Ernakulam |
| 19. | Valsala.V, Senior Superintendent | Office of the RDD (NZ), Kozhikode |
| 20. | Sasi Kumar.P, Senior Superintendent | Office of the RDD (SZ), Kollam |

| | | |
|---|---|---|
| 21. | Mohammed Kutty.A, Junior Superintendent | ESI Hospital, Feroke |
| 22. | Harrison.D.Perera, Junior Superintendent | ESI Hospital, Alappuzha |
| 23. | Anto John, Junior Superintendent | ESI Hospital, Olarikkara |
| 24. | Joseph Thomas, Junior Superintendent | Directorate of Insurance Medical Services |
| 25. | Lusamma Sebastian, Junior Superintendent | Directorate of Insurance Medical Services |
| 26. | Shajahan.M, Junior Superintendent (Audit) | Directorate of Insurance Medical Services |
| 27. | Saramma Florence, Junior Superintendent | Directorate of Insurance Medical Services |
| 28. | Pushpa Kattilaparambil, Nursing Superintendent | ESI Hospital, Palakkkad |
| 29 | Beena. K.K, Nursing Superintendent | ESI Hospital, Thottada |
| 30. | Sebiyabeevi.T.A, Nursing Superintendent | ESI Hospital, Alappuzha |
| 31. | Presanna.K, Head Nurse/Nursing Superintendent (I/C) | |
| 32. | L. Usha, Nursing Superintendent | ESI Hospital, Ernakulam |
| 33. | S.Bagavathy Amma, Fair Copy Superintendent | Directorate of Insurance Medical Services |
| 34. | CV.Usha, Store Keeper | Directorate of Insurance Medical Services |
| 35. | Saji Abraham, | ESI Sub Store, Kozhikode |
| 36. | Sheeba Susan Thomas | ESI Sub Store, Fort Kochi |
| 37. | Baburajan.K.K, Head Clerk | ESI Hospital, Thottada |
| 38. | E.S.Unnikrishnan, Sr.Clerk | ESI Hospital, Vadavathur |
| 39. | Prasanth.K, Clerk | ESI Hospital, Palakkad |
| 40. | Hemanth.T, Clerk | ESI Dispensary, Kottarakkara |
| 41 | Suni.S, Clerk | Directorate of Insurance Medical Services |

**Director of Insurance Medical Services (I/C)**